# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1815**      **31.01.2018-ൽ** മറുപടിക്ക്

**<u>വെള്ളാരപ്പിള്ളി തെക്കേ കോവിലകത്തിന്റെ പൗരാണികത</u>**

**<u>ചോദ്യം</u>**

ശ്രീ. അൻവർ സാദത്ത്

**<u>ഉത്തരം</u>**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള ആലുവ മണ്ഡലത്തിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകത്തിന്റെ പൗരാണികത നഷ്ടപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നതും അനധികൃത നിർമ്മാണം നടത്തുന്നതുമായി പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) | ആലുവ വെള്ളാരപ്പിള്ളി തെക്കേ കോവിലകത്തിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതിയിൽ പോലീസ് നടപടികൾക്കായി ആർക്കിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (ബി) | ആലുവ വെള്ളാരപ്പിള്ളി തെക്കേ കോവിലകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ട് വിശദമായ റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവർക്ക് നൽകുവാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പരാതിയിൽ എന്തെല്ലാം നടപടികളാണ് വകുപ്പ് ഡയറക്ടർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിച്ച് നിലനിർത്തേണ്ട ആവശ്യകത വ്യക്തമാക്കി പുരാവസ്തു വകുപ്പ് ഡയറക്ടർ എറണാകുളം ജില്ലാ പോലീസ് മേധാവിക്ക കത്തു നൽകുകയും, അനധികൃത നിർമ്മാണം സംബന്ധിച്ച് ലഭ്യമായ പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൃപ്പൂണിത്തുറ പുരാവസ്തു മ്യൂസിയം ഡോക്കുമെന്റേഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**